بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 26.02.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) - ഭാഗം(4)

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ الرَّحۡمٰنِ الرَّحِيۡمِ ۙ مٰلِكِ يَوۡمِ الدِّيۡنِ ؕ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ؕ

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) പറഞ്ഞു:

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ കാലത്ത് യുദ്ധങ്ങളെയും വിജയങ്ങളെയും കുറിച്ചുള്ള വിവരണമാണ് നടത്തിയിരുന്നത്. ഇന്നു ഞാൻ അത് തന്നെ വിവരിക്കുന്നതാണ്. അലി ബിൻ മുഹമ്മദ് മദായിനി നിവേദനം ചെയ്യുന്നു: ഹദ്റത്ത് ഉസ്മാന്റെ കാലഘട്ടത്തിൽ ഹിജ്റ വർഷം 30ന് തിബ്രിസ്ഥാനിൽ വച്ച് ഹദ്റത്ത് സയീദ് ബിൻ ആസ്(റ) യുദ്ധം ചെയ്ത് കോട്ട കീഴടക്കി. അപ്രകാരം തന്നെ ഹിജ്റ 31ന് സുവാരി വിജയം ഉണ്ടായി.

ആർമീന വിജയം ഹിജ്റാ 31നുമായിരുന്നു. വാഖദിയുടെ അഭിപ്രായത്തിൽ ഹിജ്റ 31 ന് ഹബീബ് ബിൻ മസ്‌ലമയുടെ കൈകളാലാണ് ആർമിനാ വിജയമുണ്ടായത്. ഖുറാസാൻ വിജയം ഹിജ്റ 31ന് ആയിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ ഖുറാസാനിലേക്ക് പുറപ്പെട്ടു. അദ്ദേഹം അബ്റഹതൂസ് നഗരം, അബി ദർദ്, നസാഹ് എന്നിവ കീഴടക്കി. അങ്ങനെ സർഖസ് വരെ എത്തി. മറൂവാസികളും അതേ വർഷമാണ് സന്ധി ചെയ്തത്. റോം പട്ടണത്തിലേക്ക് ഹിജ്റ 32 നാണ് മുന്നേറ്റം നടത്തിയത്. ഹിജ്റ 32 ന് അമീർ മുആവിയ റോമുമായി യുദ്ധം ചെയ്തു. അങ്ങനെ കോൺസ്റ്റാന്റിനോപ്പിൾ പടിവാതിൽക്കൽ വരെ അദ്ദേഹമെത്തി.

അബുൽ അശബ് സഅദി തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു: അഹ്നബ് ബിൻ ഖൈസിന്റെ മറൂറോസ് താൽഖാൻ, ഫാർയാബ്, ജോസ്ജാൻ എന്നീ പ്രദേശക്കാരുമായുള്ള യുദ്ധം, അല്ലാഹു ശത്രുക്കളെ പരാജയപ്പെടുത്തുന്നത് വരെ, രാത്രി അന്ധകാര നിബിഡമാകുന്നത് വരെ നീണ്ടിരുന്നു. ബലഖ് വിജയം ഹിജ്റാ 32 നാണുണ്ടായത്. അഹ്നബ് ബിൻ ഖൈസ് മറൂറോസിൽ നിന്നും ബലഖിലേക്ക് പുറപ്പെട്ടു. അവിടെ ചെന്ന് ബലഖുകാരെ വളഞ്ഞുപരോധിച്ചു. ഹറാത്ത് സൈനിക നീക്കംഹിജ്റ 32 നാണ് ഉണ്ടായത്. ഹദ്റത്ത് ഉസ്മാൻ ഖുലൈദ് ബിൻ അബ്ദില്ലാഹ് ബിൻ ഹനഫിയെ ഹറാത്ത്, ബാസ്ഗീസ് എന്നീ ഭാഗങ്ങളിലേക്ക് അയച്ചു. അവ ഇരുവരും രണ്ടു പ്രദേശങ്ങളിലും വിജയിച്ചടക്കി.

ഹദ്റത്ത് ഉസ്മാന്റെ കാലഘട്ടത്തിൽ ഇന്തോ പാക് ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാം എത്തുകയുണ്ടായി. ഈജിപ്തും സിറിയയും ഹദ്റത്ത് ഉമറിന്റെ കാലത്ത് ജയിച്ചടക്കി. ഖുറാസാന്റെ ആഫ്രിക്ക, സിന്ധിന്റെ കുറച്ചു ഭാഗം എന്നിവ ഹദ്റത്ത് ഉസ്മാന്റെ കാലത്ത് കീഴടക്കി. ഉപഭൂഖണ്ഡത്തിലെ ഇസ്‌ലാമിന്റെ ആഗമനത്തെ കുറിച്ച് ഒരു റിപ്പോർട്ട് ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് ഉസ്മാന്റെ കാലത്ത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മഅ്മറിന് ഒരു സൈന്യത്തെ ഏല്പിച്ച് മക്റാൻ വിജയത്തിൽ അദ്ദേഹം അസാധാരണ ധൈര്യം കാഴ്ചവച്ചു. ശേഷം ജയിച്ചടക്കിയ ഈ പ്രദേശങ്ങളുടെ ഭരണഭാരം അദ്ദേഹത്തെ ചുമതലപ്പെടുത്തി. ഹദ്റത്ത് മുജാശ ഇന്നത്തെ അഫ്ഗാനിസ്ഥാന്റെ തലസ്ഥാനമായ കാബൂളിൽ ഇസ്‌ലാമിന്റെ ഒരു സൈന്യത്തെ നയിച്ചു കൊണ്ട് ഇസ്‌ലാമിന്റെ ശത്രുക്കളോട് ജിഹാദ് ചെയ്തു. ഹദ്റത്ത് മുജാശ ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് ഘട്ടത്തിൽ പാകിസ്ഥാനിലെ ബലൂച്ചിസ്ഥാൻ സംസ്ഥാനത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കളുമായി യുദ്ധം ചെയ്തു. അതോടു ചേർന്ന പ്രദേശമായ സജിസ്ഥാനിൽ കൊടി പറത്തി. അനന്തരം മുസ്‌ലിങ്ങൾ ഉപഭൂഖണ്ഡത്തിന്റെ ആ പ്രദേശങ്ങളിൽ സ്ഥിരതാമസമാക്കി. അവയെ സ്വദേശമാക്കി പ്രഖ്യാപിച്ചു.

ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് ഘട്ടത്തിൽ കുഴപ്പങ്ങളുണ്ടാകുമെന്ന് റസൂലുല്ലാഹ്(സ)ന്റെ പ്രവചനങ്ങളുമുണ്ട്. ഹദ്റത്ത് ആയിശ നിവേദനം ചെയ്യുന്നു. നബി കരീം(സ) പറഞ്ഞു: അല്ലയോ ഉസ്മാൻ! അല്ലാഹു താങ്കളെ ഒരു മേലങ്കി ധരിപ്പിച്ചേക്കാം. ജനങ്ങൾ താങ്കളോട് അത് അഴിക്കാനായി ആവശ്യപ്പെടുകയാണെങ്കിൽ താങ്കൾ അവരുടെ വാക്കുകേട്ട് അത് അഴിക്കരുത്.

ഹദ്റത്ത് കഅബ് ബിൻ അജ്റഹ് വിവരിക്കുന്നു: റസൂലുല്ലാഹ്(സ) ഒരു ഫിത്നയെ കുറിച്ച് പരാമർശിച്ചുകൊണ്ട് അത് അടുത്തു തന്നെ ഉണ്ടാകുമെന്ന് പറഞ്ഞു. അപ്പോൾ അതുവഴി ഒരാൾ കടന്നു പോയി. ഇയാൾ തലമൂടിയും പുതപ്പു പുതച്ചുമായിരുന്നു ഉണ്ടായിരുന്നത്. റസൂലുല്ലാഹ്(സ) പറഞ്ഞു: ആ ഫിത്നയുടെ സമയത്ത് ഈ വ്യക്തി സ്വർഗത്തിലായിരിക്കും.നിവേദകൻ പറയുന്നു: ഞാൻ അയാളുടെ മേലേക്ക് ചാടി അയാളെ പിടിച്ചു. അയാൾ ഹദ്റത്ത് ഉസ്മാൻ ആയിരുന്നു. ഹദ്റത്ത് ആയിശ വിവരിക്കുന്നു: റസൂലുല്ലാഹ്(സ) അവസാന രോഗാവസ്ഥയിൽ പറഞ്ഞു: ചില സ്വഹാബാക്കൾ എന്റെയടുക്കൽ ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ ചോദിച്ചു: അല്ലയോ റസൂലല്ലാഹ്! ഞങ്ങൾ താങ്കളുടെ പക്കലേക്ക് അബൂബക്കറിനെ വിളിക്കട്ടെ? നബി(സ) മൗനംപാലിച്ചു. തുടർന്ന് ഞങ്ങൾ ചോദിച്ചു: അങ്ങയുടെ അടുത്തേക്ക് ഞങ്ങൾ ഉമറിനെ വിളിക്കട്ടെ? തിരുനബി(സ) മൗനം തുടർന്നു. പിന്നെ ഞങ്ങൾ ചോദിച്ചു: അങ്ങയുടെ സവിധത്തിലേക്ക് ഞങ്ങൾ ഉസ്മാനെ വിളിക്കട്ടെ? തിരുനബി(സ) സമ്മതമേകി. അദ്ദേഹം വന്നു. റസൂലുല്ലാഹ്(സ) അദ്ദേഹത്തെ തനിച്ച് കണ്ടു. അദ്ദേഹത്തോട് സംഭാഷണത്തി

ലേർപ്പെട്ടു. ഉസ്മാന്റെ മുഖം വിവർണമാകാൻ തുടങ്ങി. ഖൈസ് പറയുന്നു: ഹദ്റത്ത് ഉസ്മാൻ സ്വതന്ത്രനാക്കിയ അടിമ അബൂ സഫല എന്നോട് ഇപ്രകാരം പറയുകയുണ്ടായി : ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻയൗമുദ്ദാറിന്റെ സന്ദർഭത്തിൽ എന്നോട് പറഞ്ഞു: റസൂലുല്ലാഹ്(സ) എനിക്ക് കർശനമായി ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്. ഞാൻ അതിലേക്ക് പോകുകയാണ്. നിവേദകൻ പറയുന്നു: ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: അനാ സ്വാബിറുൻ അലൈഹി. ഞാൻ അതിൽ ദൃഢമായി നിലകൊള്ളുന്നതാണ്. യൗമുദ്ദാറെന്നത് ഹദ്റത്ത് ഉസ്മാൻ(റ)നെ മുനാഫിഖീങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ ഉപരോധിക്കുകയും അങ്ങേയറ്റം നിർദയം ശഹീദാക്കുകയും ചെയ്ത ദിവസമാണ്.

ഹദ്റത്ത് ഉസ്മാന്റെ കാലത്തുണ്ടായ ഭിന്നിപ്പിന്റെ തുടക്കവും അതിന്റെ കാര്യകാരണങ്ങളെ കുറിച്ചും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) സവിശദം പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഹദ്റത്ത് ഉസ്മാനും ഹദ്റത്ത് അലിയും ഇസ്ലാമിന്റെ പ്രാരംഭകാല ത്യാഗികളിൽ ഉൾപ്പെടുന്നു. അവരുടെ സുഹൃത്തുക്കളും ഇസ്ലാമിന്റെ ശ്രേഷ്ഠ ജനങ്ങളാണ്. അവരുടെ വിശ്വസ്തതയെയും ഭക്തിയെയും കുറിച്ച് ആക്ഷേപമുണ്ടാകുന്നത് യഥാർഥത്തിൽ ഇസ്ലാമിനെക്കുറിച്ചുള്ള നിന്ദയാണ്. ഈ യാഥാർഥ്യത്തെ സംബന്ധിച്ച് സത്യഹൃദയത്തോടെ വിചിന്തനം ചെയ്യുന്നപക്ഷം അവർ എല്ലാ തരത്തിലുള്ള പക്ഷപാതങ്ങളിൽ നിന്നും ഉന്നതരും ശുദ്ധരുമാണെന്ന നിഗമനത്തിലെത്താൻ മുസ്ലിങ്ങൾക്കാകും. ഇക്കാര്യം വെളിവില്ലാത്തതല്ല. ചരിത്രതാളുകളിൽ കണ്ണുതുറന്നു നോക്കുന്നവർ ഇക്കാര്യത്തിന് സാക്ഷികളാണ്. എന്റെ ഗവേഷണ പ്രകാരം ഈ മഹാന്മാരെയും അവരുടെ സുഹൃത്തുക്കളെയും കുറിച്ചുള്ള ആക്ഷേപങ്ങൾ ഇസ്ലാമിന്റെ ശത്രുക്കളുടെ പണിയാണ്. ഫിത്ന എവിടെ നിന്നുണ്ടായി എന്നതാണ് ചോദ്യം. ചിലർ അതിന് ഹദ്റത്ത് ഉസ്മാനെ കാരണക്കാരനാക്കിയെങ്കിൽ മറ്റു ചിലർ ഹദ്റത്ത് അലിയെ കാരണക്കാരനാക്കി.ചിലർ പറയുന്നു: ഹദ്റത്ത് ഉസ്മാൻ ചില ബിദ്അത്തുകൾ (അനാചാരങ്ങൾ) തുടങ്ങുകയും അക്കാരണത്താൽ ജനങ്ങൾ പ്രക്ഷുബ്ധരാകുകയും ചെയ്തെന്ന്. ചിലർ ആരോപിക്കുന്നത് ഹദ്റത്ത് അലി ഖിലാഫത്ത് ലഭിക്കാനായി ഗൂഢ യത്നങ്ങൾ തുടങ്ങുകയും സ്വയം ഖലീഫയാകുന്നതിനായി ഹദ്റത്ത് ഉസ്മാനെതിരെ എതിർപ്പു സൃഷ്ടിച്ച് അദ്ദേഹത്തെ വകവരുത്തിയെന്നുമാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ് പറയുന്നു: ഈ രണ്ടു കാര്യങ്ങളും തെറ്റാണ്. ഹദ്റത്ത് ഉസ്മാൻ ഒരു ബിദ്അത്തും തുടങ്ങിയില്ല. ഹദ്റത്ത് അലി സ്വയം ഖലീഫയാകാൻ അദ്ദേഹത്തെ വധിച്ചിട്ടുമില്ല. അലിക്ക് ആ വധത്തിൽ യാതൊരു പങ്കുമില്ല. മറിച്ച് ആ ഫിത്നയുടെ കാരണങ്ങൾ തന്നെ വേറെയാണ്. ഹദ്റത്ത് ഉസ്മാന്റെയും ഹദ്റത്ത് അലിയുടെയും മടിത്തട്ടുകൾ ഇത്തരം ആക്ഷേപങ്ങളിൽ നിന്നും തികച്ചും പരിപാവനമാണ്. അവർ അത്യന്തം വിശുദ്ധരായിരുന്നു. തുടർന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ് വിവരിക്കുന്നു: ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്തിന്റെ തുടക്കത്തിൽ 6 വർഷങ്ങളോളം ഒരു ഫിത്നയും നമുക്കു കാണാനാകില്ല. മാത്രവുമല്ല ജനങ്ങൾ പൊതുവെ അദ്ദേഹത്തിൽ സന്തുഷ്ടരുമായിരുന്നു. എന്നാൽ ഏഴാം വർഷത്തിൽ നമുക്കു ചില എതിർപ്പുകൾ കാണാനാകും. എന്നാൽ അതൊന്നും തന്നെ ഹദ്റത്ത് ഉസ്മാനെതിരായിരുന്നില്ല. ചില സ്വഹാബാക്കൾക്കോ, ഗവർണർമാർക്കോ എതിരായിരുന്നു. ത്വബ്രി എഴുതുന്നു: ജനങ്ങളുടെ അവകാശങ്ങൾ ഹദ്റത്ത് ഉസ്മാൻ പൂർണ്ണമായും സംരക്ഷിച്ചിരുന്നു. എന്നാൽ ഇസ്ലാമിന്റെ തുടക്കക്കാരല്ലാത്തവർക്ക് ആദ്യകാല മുസ്ലിങ്ങൾക്ക് ലഭിക്കുന്നത്ര സദസ്സുകളിൽ ആദരവോ, ഭരണത്തിൽ തുല്യ ഭാഗമോ, ധനത്തിൽ തുല്യ പങ്കോ ലഭിച്ചിരുന്നില്ല. കുറച്ചു കാലങ്ങൾക്കു ശേഷം ജനങ്ങൾ ഇതേക്കുറിച്ച് കണക്കു പറയാനും ഇതിനെ ക്രമക്കേടാണെന്ന് പ്രഖ്യാപിക്കാനും തുടങ്ങി. എന്നാൽ ഇക്കൂട്ടർ പൊതു മുസ്ലീങ്ങളെ ഭയന്നിരുന്നു.ജനങ്ങൾ അവരെ എതിർക്കുമെന്ന് ഭയന്ന് തങ്ങളുടെ ചിന്തകൾ തുറന്നു പ്രകടിപ്പിക്കുമായിരുന്നില്ല. അവർ സ്വീകരിച്ചിരുന്ന നയമെന്നത്, രഹസ്യമായ നിലയിൽ ജനങ്ങളെ സ്വഹാബാക്കൾക്കെതിരെ ഇളക്കിവിടുന്നതായിരുന്നു. കാലക്രമത്തിൽ ഇക്കൂട്ടരുടെ എണ്ണം പെരുകി വന്നു. ഒരു വമ്പിച്ച അംഗബലം അവർക്കുണ്ടായി.

ഈ അനർഥങ്ങളെല്ലാം ഗൂഢപദ്ധതികളുടെ പരിണിത ഫലമായിരുന്നു എന്നതാണ് വസ്തുത. അതിന്റെ യഥാർത്ഥ വക്താക്കൾ ജൂത ാരായിരുന്നു. ദീനിൽ നിന്നും പുറത്തായ ചില ലൗകികാസക്തരായ മുസ്ലീങ്ങളും അവരോടൊപ്പമുണ്ടായിരുന്നു. ഈ കുഴപ്പക്കാർ കൂഫയിൽ ഒരു സമ്മേളനം നടത്തി. അതിൽ മുസ്ലീങ്ങൾക്കിടയിൽ കലാപം സൃഷ്ടിക്കുന്ന കാര്യത്തിൽ ചർച്ച നടന്നപ്പോൾ എല്ലാവരും ഏകകണ്ഠമായി പറഞ്ഞത്, ഉസ്മാൻ ഭരിക്കുന്നിടത്തോളം അത്തരക്കാർക്ക് ഒരിക്കലും തല പൊക്കാനാകില്ല. അവരെ വിദ്രോഹത്തിൽ നിന്നും വിട്ടു നിർത്തുന്ന ഏക വ്യക്തി ഉസ്മാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹത്തെ വഴിയിൽ നിന്നും മാറ്റേണ്ടത് അവരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ലക്ഷ്യങ്ങൾ സ്വച്ഛന്ദമായി പൂർത്തിയാക്കാൻ അനിവാര്യമായിരുന്നു. ഈ ഫിത്നയെ കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ് വിവരിക്കുന്നു; അദ്ദേഹം ആ കലാപകാരികളെയും വിളിച്ചു. റസൂലുല്ലാഹ്(സ)യുടെ സ്വഹാബാക്കളെയും വിളിച്ചുകൂട്ടി. എല്ലാവരും സമ്മേളിച്ചപ്പോൾ അദ്ദേഹം അവരുടെ അവസ്ഥകൾ വ്യക്തമായി വിശദീകരിച്ചു. അപ്പോൾ കലാപകാരികൾ എന്തൊക്കെ കലാപങ്ങൾക്കാണ് കോപ്പു കൂട്ടുന്നതെന്ന് ഹദ്റത്ത് ഉസ്മാന് വിവരം നല്കിയ രണ്ടു വ്യക്തികളും എഴുന്നേറ്റു നിന്നുകൊണ്ട് അക്കാര്യത്തിന് സാക്ഷ്യം പറഞ്ഞു. അപ്പോൾ സ്വഹാബാക്കൾ പറഞ്ഞു: ഇക്കൂട്ടരെ കൊന്നുകളയണം. പരിഷ്കരണത്തിന്റെ പേരും പറഞ്ഞു ക്രമക്കേട് സൃഷ്ടിക്കുന്നവരാണിവർ. കാരണം റസൂൽ കരീം(സ) പറഞ്ഞത്, ഒരു ഇമാം നിലവിലിരിക്കെ തങ്ങളെയോ മറ്റാരെയെങ്കിലുമോ അനുസരിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നവർക്കുമേൽ ദൈവശാപമുണ്ട്. അവരെ നിങ്ങൾ എന്തായാലും വധിക്കണമെന്നാണ്. ഹദ്റത്ത് ഉസ്മാൻ സ്വഹാബാക്കളുടെ ഈ ഫത്വ കേട്ടപ്പോൾ പറഞ്ഞു: നാം അവർക്കു പൊറുത്തുകൊടുക്കുന്നതാണ്. അവരുടെ ന്യായീകരണങ്ങൾ സ്വീകരിക്കുന്നതാണ്. നമ്മുടെ സർവ്വ കഴിവുകളും ഉപയോഗിച്ച് അവരെ പറഞ്ഞു മനസ്സിലാക്കുന്നതാണ്. ഏതെങ്കിലും ശരീഅത്തിന്റെ വിലക്കുകളെ ലംഘിക്കുകയോ, കുഫ്റ് വെളിപ്പെടുത്തുകയോ ചെയ്യുന്നതുവരെആരോടും വിരോധം കാണിക്കുന്നതല്ല.

ഹദ്റത്ത് ഉസ്മാൻ സ്വഹാബാക്കളോട് പറഞ്ഞു: ഇവർ പറയുന്നത്. യാത്രയിൽ ഇയാൾ മക്കയിൽ വച്ച് നമസ്കാ

രം പൂർണ രൂപത്തിൽ അനുഷ്ഠിച്ചു. എന്നാൽ റസൂൽ കരീം(സ) യാത്രയിൽ നമസ്കാരം കസ്റ് ആക്കിയിരുന്നു അഥവാ ചുരുക്കിയിരുന്നു എന്നാണ്. ഹദ്റത്ത് ഉസ്മാൻ പറയുന്നു: ഞാൻ മിനായിൽ വച്ച് മാത്രമാണ് നമസ്കാരം പൂർണമായും നിർവഹിച്ചത്. അതിനു രണ്ടു കാരണങ്ങളുമുണ്ട്. ഒന്നാമതായി എനിക്കവിടെ സ്വത്തുമുണ്ട്. ഞാൻ അവിടെ കല്യാണം കഴിച്ചതുമാണ്. രണ്ടാമതായി ആ സമയത്ത് നാലു ദിക്കുകളിൽ നിന്നും അവിടെ ആളുകൾ ഹജ്ജിനായി വന്നിരുന്നു. അവരിൽ അറിവില്ലാത്തവർ പറയും ഖലീഫ രണ്ടു റക്അത്താണ് നമസ്കരിച്ചത്. അതുകൊണ്ട് നമസ്കാരത്തിന് രണ്ട് റക്അത്തുകളേ ഉള്ളൂ. സ്വഹാബാക്കളോട് അദ്ദേഹം ചോദിച്ചു: ഞാൻ പറഞ്ഞത് ശരിയല്ലേ? സ്വഹാബാക്കൾ മറുപടി നൽകി : ശരിയാണ്. ഹദ്റത്ത് ഉസ്മാനെ കുറിച്ചുള്ള രണ്ടാമത്തെ ആരോപണം: ഞാൻ റഖ്(സർക്കാർ മേച്ചിൽ പുറം) നിർണയിച്ചു എന്നാണ്. എന്നാൽ എനിക്കു മുമ്പേ ഹദ്റത്ത് ഉമർ അത് തുടങ്ങിയതാണ്. സ്വദഖയുടെ ഒട്ടകങ്ങൾ ഏറെയായപ്പോൾ ഞാനത് വിപുലീകരിച്ചു എന്നു മാത്രം. മാത്രവുമല്ല അതിനുള്ള ഭൂമി സർക്കാർ സ്ഥലമാണ്. അതിൽ നിന്നും എനിക്ക് യാതൊരു നേട്ടവും കിട്ടാനില്ല. എന്താ ശരിയല്ലേ? സ്വഹാബാക്കൾ പറഞ്ഞു: ശരിയാണ്. എന്നിട്ട് ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: ഞാൻ ചെറുപ്പക്കാരെയാണ് ഭരണസാരഥികളാക്കുന്നത് എന്ന് ഇവർ പറയുന്നു. ഞാൻ സൽപ്രകൃതരും സുശീലരുമായവരെയാണ് ഭരണമേല്പിക്കുന്നത്. എനിക്കുമേൽ ഇപ്പോഴുണ്ടാകുന്നതിനേക്കാൾ കൂടുതലായി ആരോപണങ്ങൾ റസൂലുല്ലാഹ്(സ)ക്കു മേൽ ഉസാമ ബിൻ സയ്ദിനെ സൈന്യാധിപനാക്കിയപ്പോൾ ഉണ്ടായിട്ടുണ്ട്. എന്താ ശരിയല്ലേ? സ്വഹാബാക്കൾ പറഞ്ഞു: ശരിയാണ്. അങ്ങനെ ഹദ്റത്ത് ഉസ്മാൻ ഒന്നൊന്നായി ആക്ഷേപങ്ങളും അവയ്ക്കുള്ള മറുപടികളും അവതരിപ്പിച്ചു.

ഈ കുഴപ്പക്കാരെ വധിക്കണമെന്ന് സ്വഹാബാക്കൾ ഊന്നിയൂന്നി പറഞ്ഞു. എന്നാൽ ഹദ്റത്ത് ഉസ്മാൻ അവർ പറഞ്ഞത് അംഗീകരിക്കാതെ അക്കൂട്ടരെ വിട്ടയച്ചു. ഈ സംഭവത്തിൽ നിന്നും കുഴപ്പക്കാർ എന്തൊക്കെ ചതി പ്രയോഗങ്ങളും വഞ്ചനകളും നടത്തിയിരുന്നെന്ന് മനസ്സിലാക്കാം. ഇന്നത്തെപ്പോലെ പ്രസ്സോ യാത്ര സൗകര്യങ്ങളോ ഇല്ലായിരുന്നതുകൊണ്ട് അവർക്ക് അജ്ഞരെ വഴികേടിൽ ആക്കുന്നത് അത്ര എളുപ്പവുമായിരുന്നില്ല. സത്യത്തിൽ അവരുടെ പക്കൽ യുക്തിപരമായഒന്നും ഫിത്നക്കായി ഉണ്ടായിരുന്നില്ല. സത്യവും അവരോടൊപ്പം ആയിരുന്നില്ല. അവരുടെ സകല പ്രവർത്തികളുടെയും അടിസ്ഥാനം അസത്യവും മിഥ്യയും ആയിരുന്നു. ഹദ്റത്ത് ഉസ്മാന്റെ ദയാ ദാക്ഷിണ്യമായിരുന്നു അവരെ രക്ഷിച്ചു കൊണ്ടിരുന്നത്. അല്ലെങ്കിൽ മുസ്‌ലീങ്ങൾക്ക് ഇക്കൂട്ടരെ തുണ്ടംതുണ്ടമാക്കിയേനെ. ഇത്തരക്കാർക്ക് പെട്ടെന്നുതന്നെ ശിക്ഷ നൽകിയില്ലെങ്കിൽ ഇസ്‌ലാമിക ഭരണം കീഴ്മേൽ മറിയുമെന്ന് അവർക്കറിയാമായിരുന്നു. എന്നാൽ ഹദ്റത്ത് ഉസ്മാൻ കാരുണ്യത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു. ഇക്കൂട്ടർക്ക് എങ്ങനെയെങ്കിലും ഹിദായത്ത് കിട്ടണം. ഇവർ കുഫ്റിൽ മരിക്കരുത് എന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അവർ ഹദ്റത്ത് ഉസ്മാന്റെ കരുണയും സഹതാപവും കണ്ടു. അവിടെയുണ്ടായിരുന്ന ഓരോ വ്യക്തിയുടെ ആത്മാവും ഇദ്ദേഹത്തിനു സമനായി ഇന്ന് ഭൂമുഖത്ത് മറ്റൊരാളും കാരുണ്യവാനായി ഇല്ലെന്നു സാക്ഷ്യം വഹിക്കുന്നുണ്ടായിരുന്നു. എന്നാൽ തങ്ങളുടെ പാപങ്ങളിൽ നിന്നും തൗബ ചെയ്യുകയും വഞ്ചനകളെക്കുറിച്ച് ലജ്ജിക്കുകയും അപരാധങ്ങളെ കുറിച്ച് നാണിക്കുകയും ഉപദ്രവങ്ങളിൽ നിന്നും പശ്ചാത്തപിക്കുകയും ചെയ്യുന്നതിനുപകരം അക്കൂട്ടർ കോപതാപങ്ങളുടെ അഗ്നിയിൽ പൂർവാധികം എരിയുകയും തങ്ങൾക്ക് ഉത്തരം മുട്ടിയത് നിന്ദാവഹമായി കാണുകയും ചെയ്തു. ഹദ്റത്ത് ഉസ്മാന്റെ പൊറുമയെ തങ്ങളുടെ നല്ല അടവായി മനസ്സിലാക്കിയും തങ്ങളുടെ ശേഷിച്ച ഉദ്ദേശങ്ങൾ എങ്ങനെ ലക്ഷ്യം കാണുമെന്ന് പര്യാലോചന നടത്തുകയും ചെയ്തുകൊണ്ട് അവർ മടങ്ങിപ്പോയി. ഈ പരമ്പര ഇനിയും തുടരുന്നതാണ്. ഇൻശാ അല്ലാഹ്.

തുടർന്ന് ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) അബ്ദുൽ ഖാദിർ ബശീർ അഹ്മദ് സാഹിബ്, ദൈവമാർഗത്തിൽ ജയിൽവാസമനുഷ്ഠിച്ച അക്ബർ അലി സാഹിബ്, ഖാലിദ് മഹ്മൂദുൽ ഹസൻ ഭട്ടി സാഹിബ്, സദർ അഞ്ചുമൻ അഹ്മദിയ്യായുടെ ലീഗൽ അഡ്വൈസറായ മുബാറക് അഹ്മദ് സാഹിബ് എന്നിവരെ അനുസ്മരിക്കുകയും നമസ്കാര ശേഷം അവരുടെ ജനാസ ഗായിബ് നമസ്കരിപ്പിക്കുകയും ചെയ്തു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ - عِبَادَ اللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 26.02.2021
Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516